ടെക്കികൾക്ക് ഇനി ഗ്രാമങ്ങളിൽ പാർക്കാം

അനുഷ ഗോവിന്ദ്
കോഴിക്കോട്

ഗ്രാമങ്ങളിൽ കമ്പനികൾ തുടങ്ങാൻ കെ.എസ്.ഐ.ടി.ഐ.എൽ.

ഫോസ്റ്റേറ 10,000 തൊഴിലവസരങ്ങൾ ഒരുക്കും

▸ ഐ.ടി. കമ്പനികൾ ഇനി വൻനഗരങ്ങൾക്കു മാത്രമുള്ളതല്ല. ഗ്രാമങ്ങളിലും ഐ.ടി. കമ്പനികൾ തുടങ്ങാൻ പദ്ധതിയുമായി കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.).

ഫോസ്റ്ററിങ് ടെക്നോളജീസ് ഇൻ റൂറൽ ഏരിയ (ഫോസ്റ്റേറ) എന്ന പദ്ധതിയിലൂടെ ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞചെലവിൽ ഐ.ടി., ഐ.ടി.ഇ.എസ്., ബി.പി.ഒ. കമ്പനികൾ സ്ഥാപിക്കാനാണ് ലക്ഷ്യം. മുതൽമുടക്കിന്റെ 50 ശതമാനംവരെ സഹായധനവും പിന്നീട് കമ്പനികൾക്ക് നൽകും. പദ്ധതിനടത്തിപ്പിനായി 8.25 കോടിരൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്.

നഗരസഭയുടെയോ കോർപ്പറേഷന്റെയോ പരിധിയിലല്ലാത്ത സ്ഥലത്ത് കുറഞ്ഞത് 50 പേരെങ്കിലുമുണ്ടെങ്കിലേ കമ്പനി തുടങ്ങാനാകൂ. 1000 പേരിൽ കൂടാനുംപാടില്ല. ഒരിടത്തായോ ഒന്നിലധികം യൂണിറ്റുകളായി വ്യത്യസ്ത സ്ഥലങ്ങളിലോ കമ്പനി തുടങ്ങാം.

പദ്ധതിയിലൂടെ ഗ്രാമപ്രദേശങ്ങളിൽ 10,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിങ് ഡയറക്ടർ ഡോ. സന്തോഷ് ബാബു പറഞ്ഞു. ഇന്ത്യയിലെ ഐ.ടി.രംഗത്ത് കൂടുതലും മലയാളികളാണ്.

അവരിൽ പലരും നാട്ടിൽ ജോലിചെയ്യാനും സംരംഭങ്ങൾ തുടങ്ങാനും ആഗ്രഹിക്കുന്നവരാണ്. അവർക്ക് പിന്തുണ നൽകുക കൂടിയാണ് പദ്ധതിയുടെ ലക്ഷ്യം -സന്തോഷ് ബാബു പറഞ്ഞു.

സ്ത്രീകൾമാത്രം ജോലിചെയ്യുന്ന കമ്പനികൾക്ക് 10 ശതമാനവും 50 ശതമാനം സ്ത്രീകളുള്ളവയ്ക്ക് അഞ്ചുശതമാനവും നാലുശതമാനം ഭിന്നശേഷിക്കാരുള്ളവയ്ക്ക് രണ്ടുശതമാനവും ട്രാൻസ്ജെൻഡറുകൾ ജോലിചെയ്യുന്ന കമ്പനികൾക്ക് 0.5 ശതമാനവും അധിക സഹായധനവും നൽകും.

ലക്ഷ്യമിട്ട തൊഴിലവസരങ്ങളുടെ രണ്ടുമടങ്ങ് അധികം സൃഷ്ടിക്കുന്ന കമ്പനികൾക്ക് അഞ്ചുശതമാനവും മൂന്നുമടങ്ങ് അധികം തൊഴിൽനൽകുന്ന സ്ഥാപനങ്ങൾക്ക് 7.5 ശതമാനവും നാലുമടങ്ങ് അധികം തൊഴിൽ നൽകുന്നവയ്ക്ക് 10 ശതമാനവും കൂടുതൽ സഹായധനം ലഭിക്കും.

കമ്പനികൾ മൂന്നുവർഷം പൂർത്തിയാക്കിയാൽ പ്രവർത്തനച്ചെലവിന്റെ പകുതിയും പദ്ധതിയിലൂടെ നൽകും. താത്പര്യമുള്ളവർക്ക് md@ksitil.org എന്ന ഇ-മെയിലിലൂടെ അപേക്ഷിക്കാം.

കെ.എസ്.ഇ.ബി. പെൻഷൻ ഫണ്ട് ബാധ്യതയും ഉപഭോക്താവിന്

എസ്.എൻ. ജയപ്രകാശ്
തിരുവനന്തപുരം

▸ പെൻഷൻ നൽകാൻ കെ.എസ്.ഇ.ബി. ഇറക്കിയ കടപ്പത്രങ്ങളുടെ മുതലും പലിശയും ഉപഭോക്താക്കളുടെ ബാധ്യതയാക്കുന്ന തരത്തിൽ വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ ചട്ടത്തിൽ മാറ്റംവരുത്തുന്നു. ചട്ടഭേദഗതിയുടെ കരട് രൂപം പുറത്തിറക്കി.

വിവിധവിഭാഗം ഉപഭോക്താക്കളുടെ അഭിപ്രായം കേട്ടശേഷം അന്തിമതീരുമാനമെടുക്കും. ഇതു നിലവിൽവന്നാൽ വർഷം 407 കോടി രൂപകൂടി വൈദ്യുതിനിരക്കിലൂടെ പിരിച്ചെടുക്കേണ്ടിവരും. ഇത് ഉപഭോക്താക്കൾക്ക് അധികബാധ്യതയാകും. 2037 വരെ കാലാവധിയുള്ള 8144 കോടി രൂപയുടെ കടപ്പത്രങ്ങൾ കെ.എസ്.ഇ.ബി. ഇറക്കിയിരുന്നു. പെൻഷൻ നൽകാനായി രൂപവത്കരിച്ച മാസ്റ്റർട്രസ്റ്റിലേക്കാണ് ഈ പണം ചെല്ലുന്നത്. 10 ശതമാനമാണ് പലിശ. ഇതിനുപുറമേ 10 വർഷത്തേക്ക് ഒമ്പതുശതമാനം പലിശയ്ക്ക് 3751 കോടി രൂപയുടെ കടപ്പത്രങ്ങളും ഇറക്കിയിരുന്നു. ഇതിന്റെ മുതലും പലിശയും തിരിച്ചുനൽകേണ്ടത് സർക്കാരാണ്. നിരക്കുവർധിപ്പിക്കാൻ ഈ ബാധ്യത പരിഗണിക്കില്ല.

കടപ്പത്രങ്ങളുടെ പലിശമാത്രമേ 2021 വരെ നിരക്കുവർധിപ്പിക്കാൻ പരിഗണിച്ചിരുന്നുള്ളൂ. എന്നാൽ, 2021-ലെ ചട്ടഭേദഗതിയിലൂടെ മുതലും ഇതിലുൾപ്പെടുത്തി. പെൻഷൻ നൽകാനുള്ള ഭാരിച്ച ചെലവുമുഴുവൻ കണ്ടെത്താനാകാതെ വന്നപ്പോഴാണ് ഇങ്ങനെ ചെയ്തത്. എന്നാൽ, ഈ മാറ്റത്തെ ഹൈടെൻഷൻ ആൻഡ് എക്സ്ട്രാ ഹൈടെൻഷൻ ഇൻഡസ്ട്രിയൽ ഇലക്ട്രിസിറ്റി കൺസ്യൂമേഴ്സ് അസോസിയേഷൻ ഹൈക്കോടതിയിൽ ചോദ്യംചെയ്തു. ചട്ടത്തിന്റെ കരടിൽ ഇല്ലാതിരുന്ന ഈ വ്യവസ്ഥ അന്തിമചട്ടത്തിൽ ഉൾപ്പെടുത്തിയത് ശരിയായില്ലെന്ന് ഹൈക്കോടതി വിധിച്ചു.

കടപ്പത്രങ്ങൾക്കു നൽകേണ്ട പലിശമാത്രം നിരക്കുവർധനയ്ക്കു പരിഗണിച്ചാൽ മതിയെന്നായിരുന്നു വിധി. ഇതനുസരിച്ച്, വർഷംതോറും മുതൽ തിരിച്ചുനൽകാൻ വേണ്ട 407 കോടിരൂപയുടെ ബാധ്യത ഒഴിവാക്കിയാണ് അടുത്തിടെ വൈദ്യുതിനിരക്കുകൂട്ടി കമ്മിഷൻ ഇടക്കാല ഉത്തരവിട്ടത്.എന്നാൽ, തെളിവെടുപ്പ് നടത്തി വ്യവസ്ഥകൾ പാലിച്ച് ചട്ടത്തിൽ മാറ്റംവരുത്താൻ ഹൈക്കോടതി കമ്മിഷനെ അനുകൂലിച്ചിരുന്നു.

കടപ്പത്രങ്ങളുടെ മുതൽകൂടി വൈദ്യുതിനിരക്കുവഴി ഈടാക്കിയില്ലെങ്കിൽ പെൻഷൻ ഫണ്ട് പ്രതിസന്ധിയിലാകുമെന്നാണ് കെ.എസ്.ഇ.ബി. അറിയിച്ചത്. 2017-'18 മുതൽ 2022-'23 വരെ പെൻഷൻ നൽകാൻ 10,916.2 കോടി ചെലവായി. എന്നാൽ, പെൻഷൻ ഫണ്ടിൽ ഇതിനായി ലഭ്യമായിരുന്നത് 8144 കോടി മാത്രവും. ഇതു നികത്താൻ വായ്പയെടുക്കേണ്ടിവരുന്നത് കെ.എസ്.ഇ.ബി.യുടെ സാമ്പത്തികസ്ഥിതിയെ ബാധിക്കും.

ബംഗ്ലാദേശിൽ ഭൂചലനം; ബംഗാളിലും പ്രകമ്പനം

കൊൽക്കത്ത ▸ ബംഗ്ലാദേശിലുണ്ടായ ഭൂചലനത്തിൽ പശ്ചിമബംഗാളിലും പ്രകമ്പനം. ശനിയാഴ്ച രാവിലെ ഒമ്പതുമണിയോടെയാണ് റിക്ടർ സ്കെയിലിൽ 5.6 തീവ്രത രേഖപ്പെടുത്തി തെക്കുകിഴക്കൻ ബംഗ്ലാദേശിൽ ഭൂചലനം അനുഭവപ്പെട്ടത്. ബംഗ്ലാദേശുമായി അതിർത്തി പങ്കിടുന്ന സംസ്ഥാനമാണ് പശ്ചിമബംഗാൾ. അപകടമോ നാശനഷ്ടമോ ഉണ്ടായിട്ടില്ലെന്ന് പശ്ചിമബംഗാൾ ദുരന്തനിവാരണ വിഭാഗം അറിയിച്ചു.

ലഡാക്കിലും നേരിയ ഭൂചലനം

ലഡാക്കിലും നേരിയ ഭൂചലനം. ശനിയാഴ്ച രാവിലെ 8.30-ഓടെയാണ് 3.4 തീവ്രത രേഖപ്പെടുത്തിയ ഭൂചലനമുണ്ടായത്. എവിടെയും നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ല.

നാലുചക്രവാഹന ഡ്രൈവിങ് ലൈസൻസ് കിട്ടിയ ജന്മനാ ഇരുകൈയുമില്ലാത്ത ഇടുക്കി സ്വദേശിനി ജിലുമോളിനൊപ്പം കാറിലിരിക്കുന്ന മന്ത്രി ആർ. ബിന്ദു. പാലക്കാട് നിയോജക മണ്ഡലത്തിൽനടന്ന നവകേരളസദസ്സിന്റെ ഭാഗമായുള്ള പ്രഭാതയോഗത്തിനിടെയാണ് മുഖ്യമന്ത്രി പിണറായി വിജയൻ ജിലുമോളിന് ഡ്രൈവിങ് ലൈസൻസ് കൈമാറിയത്. കാലുകൊണ്ട് വാഹനമോടിക്കുന്നതിന് ലൈസൻസ് ലഭിക്കുന്ന ഏഷ്യയിലെ ആദ്യവനിതകൂടിയാണ് ജിലുമോൾ | ഫോട്ടോ: അരുൺ കൃഷ്ണൻകുട്ടി

കടൽകടന്നും സി.പി.എം. -ലീഗ് സ്നേഹസ്പർശം

പി.പി. ശശീന്ദ്രൻ
കോഴിക്കോട്

▸ മുസ്‌ലിംലീഗുമായി ബന്ധമില്ലെന്ന് പറയുമ്പോഴും അവരുമായുള്ള സൗഹൃദത്തിന് കുറവില്ലെന്നതാണ് സി.പി.എമ്മിന്റെ ലൈൻ. അതാകട്ടെ കടൽകടന്നും നടപ്പാവുന്നുണ്ട്. കേരളത്തിനുപുറത്തുള്ള ഏറ്റവും വലിയ മലയാളി കൂട്ടായ്മയായ ഷാർജ ഇന്ത്യൻ അസോസിയേഷനിലേക്കുള്ള ഇത്തവണത്തെ തിരഞ്ഞെടുപ്പിൽ കോൺഗ്രസിനെ പാടെ തള്ളി സി.പി.എം. അനുഭാവികളുമായി കൈകോർക്കുകയാണ് മുസ്‌ലിം ലീഗിന്റെ ഘടകമായ കെ.എം.സി.സി. ഈ മാസം പത്തിനാണ് തിരഞ്ഞെടുപ്പ്.

സീറ്റുവിഭജനത്തിൽ കെ.എം.സി.സി.യുടെ ആവശ്യം യു.എ.ഇ.യിലെ കോൺഗ്രസ് നേതൃത്വം ഗൗനിച്ചില്ലെന്ന പരാതിയെത്തുടർന്നാണ് വർഷങ്ങളായുള്ള മുന്നണി കൂട്ടുകെട്ട് പൊളിച്ച് കെ.എം.സി.സി. എതിർപാളയത്തിലേക്ക് എത്തിയത്.

സി.പി.എമ്മിന്റെ ഷാർജയിലെ സാംസ്കാരികവിഭാഗമായ 'മാസ്' നേതൃത്വം നൽകുന്ന ജനാധിപത്യമുന്നണിയിൽ പ്രസിഡന്റ് സ്ഥാനാർഥിയായി മത്സരിക്കുന്നത് ഇത്തവണ കെ.എം.സി.സി. നേതാവ് നിസാർ തളങ്കരയാണ്. ജനറൽ സെക്രട്ടറി സ്ഥാനാർഥി പി. ശ്രീപ്രകാശ് മുൻ സ്പീക്കർ പി. ശ്രീരാമകൃഷ്ണന്റെ സഹോദരനാണ്.

അസോസിയേഷന്റെ നിലവിലെ പ്രസിഡന്റ് കോൺഗ്രസിലെ വൈ.എ. റഹീമും ജനറൽ സെക്രട്ടറി കെ.എം.സി.സി.യുടെ ടി.വി. നസീറുമാണ്. ഇത്തവണ പ്രസിഡന്റുപദം വേണമെന്ന് ആറുമാസംമുമ്പുതന്നെ ആവശ്യപ്പെട്ടെങ്കിലും അതിന് കോൺഗ്രസ് നേതൃത്വം ചെവികൊടുത്തില്ലെന്നതാണ് കെ.എം.സി.സി.യുടെ മുന്നണിമാറ്റത്തിനുള്ള ന്യായീകരണം. മുൻ പ്രസിഡന്റ് ഇ.പി. ജോൺസൺ പ്രസിഡന്റും നിലവിലെ പ്രസിഡന്റ് വൈ.എ. റഹീം ജനറൽ സെക്രട്ടറി സ്ഥാനാർഥിയുമായി മതേതരജനാധിപത്യമുന്നണി എന്ന പേരിലാണ് കോൺഗ്രസും അനുബന്ധസംഘടനകളും മത്സരരംഗത്തുള്ളത്. വർഷങ്ങളായി പ്രസിഡന്റുപദം കോൺഗ്രസും ജനറൽ സെക്രട്ടറിപദം കെ.എം.സി.സി.യും എന്നതാണ് മുന്നണിമര്യാദയെന്നും ഇപ്പോഴത്തെ അവരുടെ മാറ്റത്തിന് ഒരുടിസ്ഥാനവുമില്ലെന്നാണ് കോൺഗ്രസിന്റെ നിലപാട്.

പതിനായിരത്തിലേറെ കുട്ടികൾ പഠിക്കുന്ന ഷാർജ ഇന്ത്യൻ ഹൈസ്കൂളും സ്വന്തമായി ഓഡിറ്റോറിയവുമൊക്കെയായി വലിയ പ്രസ്ഥാനമാണ് ഷാർജ ഇന്ത്യൻ അസോസിയേഷൻ. പ്രവാസികളുടെ പൊതുപ്രശ്നങ്ങളിലും അസോസിയേഷൻ കാര്യക്ഷമമായി ഇടപെടാറുണ്ട്. പതിനഞ്ചായിരത്തിലേറെയാണ് അംഗസംഖ്യ. ഇതുപതിലേറെ ചെറിയ മലയാളിസംഘടനകൾ അസോസിയേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്. ഇവരും രണ്ടുമുന്നണികളിലായി അണിനിരക്കുന്നു. ഇതിൽ ഏറെയും കോൺഗ്രസിലെ ഗ്രൂപ്പുകളുടെ പ്രാതിനിധ്യമുള്ളവരുമാണ്.

കെ.എം.സി.സി. ഇതിനുമുമ്പ് നാലുതവണ കോൺഗ്രസ് ബാന്ധവം ഉപേക്ഷിച്ച് സി.പി.എം. പാളയത്തിലേക്ക് പോയിട്ടുണ്ട്. ഏറ്റവുമൊടുവിൽ 2009-11ൽ ആയിരുന്നു മാസ്-കെ.എം.സി.സി. സഖ്യം. എന്നാൽ പിന്നീട് കെ.എം.സി.സി. കോൺഗ്രസ് പാളയത്തിൽത്തന്നെ തിരിച്ചെത്തി. മുന്നണിബന്ധം പഴയരീതിയിലാക്കാൻ കേരളത്തിലെ കോൺഗ്രസ്-ലീഗ് നേതാക്കൾ പലതലത്തിൽ ചർച്ചനടത്തിയെങ്കിലും ഷാർജയിലെ സ്ഥിതി അവരുടെ നിയന്ത്രണത്തിനപ്പുറത്ത് എത്തിയിരുന്നു.

യുദ്ധക്കപ്പലിലെ ആദ്യ വനിതാ കമാൻഡിങ് ഓഫീസറായി പ്രേരണ ദിയോസ്തലി

ന്യൂഡൽഹി ▸ ഇന്ത്യൻ നാവികസേനയുടെ ചരിത്രത്തിലാദ്യമായി യുദ്ധക്കപ്പലിന് വനിതാ കമാൻഡിങ് ഓഫീസർ. മുംബൈ സ്വദേശിനി ലെഫ്റ്റനന്റ് കമാൻഡർ പ്രേരണ ദിയോസ്തലിയാണ് പശ്ചിമ നാവിക കമാൻഡിനുകീഴിലുള്ള ഗോവയിലെ ഫാസ്റ്റ് അറ്റാക്ക് ക്രാഫ്റ്റ് വിഭാഗത്തിലുള്ള ഐ.എൻ.എസ്. ത്രിങ്കത് യുദ്ധക്കപ്പലിൽ കമാൻഡിങ് ഓഫിസറായി ചുമതലയേൽക്കുന്നത്. മഹാരാഷ്ട്രയിലെ സിന്ധുദുർഗ കോട്ടയിൽ തിങ്കളാഴ്ച ഇതുസംബന്ധിച്ച ഔദ്യോഗികപ്രഖ്യാപനമുണ്ടാകുമെന്ന് നാവികസേന ചീഫ് അഡ്മിറൽ ആർ. ഹരികുമാർ വെള്ളിയാഴ്ച ഡൽഹിയിൽ അറിയിച്ചിരുന്നു.

പ്രേരണ ദിയോസ്തലി

എക്സിക്യുട്ടീവ് ബ്രാഞ്ചിൽ ഉംപ്പെട്ട ലെഫ്റ്റനന്റ് കമാൻഡർ റാങ്കിലുള്ള ഉദ്യോഗസ്ഥയാണ് പ്രേരണ. ഗോവയിലാണ് പരിശീലനം പൂർത്തിയാക്കിയത്. മുംബൈ ജീസസ് ആൻഡ് മേരി കോൺവെന്റിൽനിന്ന് പ്രാഥമികവിദ്യാഭ്യാസവും സെയ്ന്റ് സേവ്യേഴ്സ് കോളേജിൽനിന്ന് മനഃശാസ്ത്രത്തിൽ ബിരുദാനന്തരബിരുദവും പൂർത്തിയാക്കി. 2009-ൽ നാവികസേനയുടെ ഭാഗമായി. പ്രേരണയുടെ ഭർത്താവും സഹോദരനും നാവികസേനയിൽ ഉദ്യോഗസ്ഥരാണ്. മൂന്നുവയസ്സുകാരി മകളുണ്ട്. ഇന്ത്യൻ നാവികസേനയുടെ അതിവേഗ ആക്രമണ കപ്പലാണ് ഐ.എൻ.എസ്. ത്രിങ്കത്. ആറ് ഓഫീസർമാർ ഉൾപ്പെടെ നാൽപ്പതംഗനാവികരാണ് കപ്പലിലുണ്ടാവുക. അന്തമാൻ നിക്കോബാർ ദ്വീപുകളിലെ ത്രിങ്കത് ദ്വീപിന്റെ പേരിലാണ് കപ്പൽ അറിയപ്പെടുന്നത്.

വ്യാജപ്രചാരണം: ഒമ്പത് യുട്യൂബ് ചാനലുകൾക്ക് കേന്ദ്രം വിലക്കേർപ്പെടുത്തി

ന്യൂഡൽഹി ▸ വ്യാജവാർത്തകളും തെറ്റായ വിവരങ്ങളും പ്രചരിപ്പിച്ച ഒമ്പത് യുട്യൂബ് ചാനലുകൾക്ക് വിലക്കേർപ്പെടുത്തി കേന്ദ്ര വാർത്താവിതരണമന്ത്രാലയം. പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുതാപരിശോധന യൂണിറ്റാണ് നിരോധിച്ച ചാനലുകളുടെ പട്ടിക പുറത്തുവിട്ടത്.

ഇന്ത്യയുടെ ചീഫ് ജസ്റ്റിസ്, പ്രധാനമന്ത്രി, മുഖ്യ തിരഞ്ഞെടുപ്പ് കമ്മിഷണർ എന്നിവർക്കെതിരേ ഈ ചാനലുകൾവഴി അപകീർത്തികരമായ ഉള്ളടക്കങ്ങൾ പ്രചരിപ്പിച്ചതായി പി.ഐ.ബി. ഫാക്ട് ചെക് യൂണിറ്റ് കണ്ടെത്തി. ബജ്റംഗ് എജ്യുക്കേഷൻ, ബി.ജെ. ന്യൂസ്, സൻസനി ലൈവ് ടി.വി., ജി.വി.ടി. ന്യൂസ്, ഡെയ്ലി സ്റ്റഡി, അബ് ബോലേഗ ഭാരത്, സർക്കാരി യോജന ഒഫീഷ്യൽ, ആപ്കെ ഗുരുജി, ഭാരത് ഏക്താ ന്യൂസ് എന്നിവയാണ് നിരോധിച്ച ചാനലുകൾ. ചാനലുകൾക്ക് 80 ലക്ഷത്തിലധികം വരിക്കാരുള്ളതായും കണ്ടെത്തിയിരുന്നു. 2022 ഡിസംബർ മുതൽ 22 യുട്യൂബ് ചാനലുകളാണ് പി. ഐ.ബി.യുടെ ഫാക്ട് ചെക് യൂണിറ്റ് കണ്ടെത്തിയത്.

ഒന്നാമത്തെ താരം ജോനാഥൻ

കൊല്ലം ▸ 'തട്ടിക്കൊണ്ടുപോകപ്പെട്ട കുട്ടിയുടെ സഹോദരനായ ജോനാഥനാണ് ഒന്നാമത്തെ ഹീറോ. രണ്ടാമത്തെ ഹീറോ അബിഗേലാണ്. അബിഗേൽ പറഞ്ഞതനുസരിച്ച് കൃത്യമായ രേഖാചിത്രം വരച്ച ദമ്പതിമാരാണ് മൂന്നാമത്തെ ഹീറോകൾ.'-എ.ഡി.ജി.പി. എം.ആർ. അജിത്കുമാർ പറഞ്ഞു.

സഹോദരിയെ തട്ടിക്കൊണ്ടുപോകുന്നത് പരമാവധി തടയാനും വൈകിപ്പിക്കാനും ജോനാഥന്റെ ഇടപെടൽ കാരണമായി. ഒരിക്കലും പ്രതീക്ഷിക്കാത്ത ചെറുത്തുനിൽപ്പാണ് കുട്ടിയുടെ ഭാഗത്തുനിന്ന് ഉണ്ടായതെന്നു പ്രതികൾതന്നെ മൊഴി നൽകിയിട്ടുണ്ടെന്നും എ.ഡി.ജി.പി. വ്യക്തമാക്കി. ജോനാഥനും സഹോദരിക്കും പോലീസ് മെമെന്റോ നൽകി അനുമോദിച്ചു.

ജോനാഥനും സഹോദരിക്കും പോലീസ് മെമന്റോ നൽകി എ.ഡി.ജി.പി. എം.ആർ.അജിത്കുമാർ അനുമോദിക്കുന്നു

ആറുവയസ്സുകാരി പെങ്ങളെ രക്ഷിക്കാൻ പത്തുവയസ്സുള്ള ജോനാഥൻ നടത്തിയ പോരാട്ടം അന്നേ 'മാതൃഭൂമി' വാർത്തയാക്കിയിരുന്നു. 27-ന് വൈകീട്ട് ട്യൂഷനു പോകവേ വളവുഭാഗത്ത് കാർ കിടക്കുന്നത് ഇരുവരും കണ്ടു. അനുജത്തിയുടെ കൈപിടിച്ച് ധൈര്യത്തോടെ ജോനാഥൻ മുന്നോട്ടുപോകവേ ഇടതുകൈയിൽ ഒരു കമ്പും കരുതി. കാറിൽ എത്തിയവർ നീട്ടിയ കടലാസുകഷ്ണം അവൻ വാങ്ങിയില്ല. കുഞ്ഞുപെങ്ങളെ വലിച്ചു കാറിനകത്തേക്കു കയറ്റിയപ്പോഴേ അവൻ കൈയിലിരുന്ന കമ്പുകൊണ്ടടിച്ചു പ്രതിരോധിച്ചു. തന്നെയും വലിച്ചു കാറിലാക്കാൻ ശ്രമിച്ചപ്പോഴും പ്രതിരോധം തുടർന്നു. ഇരുകാലുകളും റോഡിൽ ഉരഞ്ഞു കാറിൽ തൂങ്ങിക്കിടക്കുമ്പോഴും അവൻ അനുജത്തിയെ രക്ഷിക്കാൻ ശ്രമിച്ചു. ഓടിയെത്തിയവരോടെല്ലാം അനുജത്തിയെ അവർ കൊണ്ടുപോയെന്നവൻ കരഞ്ഞുകൊണ്ടു വിളിച്ചുപറഞ്ഞു.

സംഭവത്തെ കുറിച്ച് പോലീസ്

▸കേബിഡം ടി.വി. ബിസിനസ് നടത്തിവന്ന പദ്മകുമാറിന് കോവിഡിനു പിന്നാലെ വളരെയധികം കടമുണ്ടായിരുന്നു. ഒരുവർഷമായി എങ്ങനെയും പണമുണ്ടാക്കണമെന്നുള്ള ചിന്തയിലായിരുന്നു കുടുംബം. ചുറ്റുമുള്ള പലരും പല രീതികളിൽ പണമുണ്ടാക്കുന്നതു കണ്ടതിന്റെ അടിസ്ഥാനത്തിലാണ് കൃത്യം ചെയ്തത്. ഒരുവർഷംമുമ്പുതന്നെ പ്രതികൾ പദ്ധതിയിട്ടിരുന്നു. സ്ഥിരമായി കാറുമെടുത്ത് പല സ്ഥലങ്ങളിലും പോയി തട്ടിയെടുക്കാൻ സൗകര്യമുള്ള കുട്ടികളെ അന്വേഷിച്ചു. ഓട്ടുമലയിൽ രണ്ടു കുട്ടികളും ട്യൂഷൻ കഴിഞ്ഞ് ആറരമണിയോടെ പോകുന്നത് പ്രതികളുടെ ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് രണ്ടുമൂന്നു പ്രാവശ്യം കുട്ടിയെ കണ്ടു. ഒരുതവണ കുട്ടിയുടെ അമ്മതന്നെ ട്യൂഷൻ സെന്ററിൽനിന്നു കുട്ടിയെ വിളിച്ചതിനാൽ തട്ടിയെടുക്കൽ നടന്നില്ല. ഒരുപ്രാവശ്യം കുട്ടിയുടെ അമ്മൂമ്മ ഒപ്പമുള്ളതിനാലാണ് പദ്ധതി പാളിയത്.

തട്ടിക്കൊണ്ടുപോയ ദിവസം കുട്ടിയുടെ വീട്ടിലേക്കു വന്ന ഫോൺവിളി ശബ്ദംകേസിൽ വഴിത്തിരിവായി. ശബ്ദം അനിതയുടേതാണെന്നു സംശയിച്ച്, ഒരു വ്യക്തി പോലീസിനെ അറിയിച്ചു. അന്വേഷിച്ചു ചെന്നപ്പോഴേ വീട് പൂട്ടിയിട്ടിരുന്നു. വീട്ടുടമ പദ്മകുമാറിന്റെ ഫോൺ കേന്ദ്രീകരിച്ചായി പിന്നീടുള്ള അന്വേഷണം. കുട്ടിയെ ആശ്രാമം മൈതാനത്ത് ഉപേക്ഷിച്ച സമയത്ത് ഫോൺ കൊല്ലം നഗരത്തിലുണ്ടായിരുന്നു. പിന്നീട് തമിഴ്നാട്ടിലെ തെങ്കാശി ഭാഗത്തായി. രേഖാചിത്രത്തിലെ സാദൃശ്യം സംശയം ബലപ്പെടുത്തി. ചിത്രം കാണിച്ച് കുട്ടിയെക്കൊണ്ടുതന്നെ ഉറപ്പു വരുത്തിയതായും വിവരമുണ്ട്. കുട്ടിയെ ഉപേക്ഷിച്ചശേഷം തത്കാലം മാറിനിൽക്കാൻ പ്രതികൾ തീരുമാനിക്കുകയായിരുന്നു. തെങ്കാശിയിൽ മുറിയെടുത്തു. വെള്ളിയാഴ്ച ഉച്ചയ്ക്ക് പുളിയറയിലെ ഹോട്ടലിൽനിന്ന് ഭക്ഷണം കഴിച്ചിറങ്ങവേയാണ് പ്രതികളെ പിടികൂടുന്നത്. യാത്രയിൽ പ്രതികൾ മൊബൈൽ ഉപയോഗിച്ചിരുന്നില്ല. പിടികൂടിയപ്പോൾ പദ്മകുമാറിന്റെ ഫോണിൽ വ്യാജ നമ്പർ പ്ലേറ്റിന്റെ ഫോട്ടോ കണ്ടത് സ്ഥിരീകരണത്തിന് സഹായകമായി.

ഉറക്കമിളച്ച് ഷാഡോ പോലീസ്

കൊല്ലം ▸ സിറ്റി ഷാഡോ പോലീസ് സംഘം അഞ്ചുദിവസം രാപകലില്ലാതെ കേസിനു പിന്നാലെയായിരുന്നു. രാവിലെ ഒൻപതിനു തുടങ്ങുന്ന ജോലി പിറ്റേദിവസം പുലർച്ചെ നാലുമണിക്കാണ് അവസാനിപ്പിച്ചിരുന്നത്. എസ്.ഐ. കണ്ണൻ, എ.എസ്.ഐ. ബൈജു പി.ജെറോം, സീനിയർ സിവിൽ പോലീസ് ഓഫീസർമാരായ സിനു, മനു, സജു, രതീഷ് എന്നിവരാണ് സംഘത്തിലുണ്ടായിരുന്നത്. പ്രതികളെ പിടിക്കുന്ന ദിവസം കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. ബിജു, ഹാഷിം, രാജീവ്, ശക്തികുളങ്ങര പോലീസ് സ്റ്റേഷനിലെ എസ്.ഐ. ആശ, അബു താഹിർ എന്നിവരാണ് സംഘത്തിന് നേതൃത്വം നൽകിയത്.

അനുപമയ്ക്ക് യുട്യൂബിൽനിന്ന് മാസം അഞ്ചുലക്ഷംവരെ വരുമാനം

കൊല്ലം ▸ മൂന്നാം പ്രതി അനുപമയ്ക്ക് യുട്യൂബ് വീഡിയോകളിൽനിന്നും പ്രതിമാസം 3.8 മുതൽ അഞ്ചുലക്ഷം രൂപവരെ വരുമാനം ലഭിച്ചിരുന്നെന്ന് എ.ഡി.ജി.പി. എം.ആർ.അജിത്കുമാർ. 'അസലായിട്ട് ഇംഗ്ലീഷ് പറയുന്ന കുട്ടിയാണ്. എന്നാൽ ജൂലായിൽ ആ കുട്ടിയെ ഉള്ളടക്ക നിയന്ത്രണത്തിന്റെ ഭാഗമായി ഡീമൊണിറ്റൈസ് ചെയ്തു. ഇതോടെ വരുമാനം നിലച്ചു.

അതു വീണ്ടും മോണിറ്റൈസ് ചെയ്യണമെങ്കിൽ മൂന്നുമാസം കഴിയണം. അതുകൊണ്ടുതന്നെ തട്ടിക്കൊണ്ടുപോകലിനോട് അതുവരെയുണ്ടായിരുന്ന എതിർപ്പ് മാറ്റി. ബി.എസ്സി. കംപ്യൂട്ടർ സയൻസിന് അനുപമ ചേർന്നിരുന്നെങ്കിലും കോഴ്സ് പൂർത്തിയാക്കിയിരുന്നില്ല. എൽഎൽ.ബി. ചെയ്യണമെന്നായിരുന്നു ആഗ്രഹം. ആ സമയത്താണ് യുട്യൂബിലേക്ക് വരുന്നത്. അതിൽനിന്നു വരുമാനം കിട്ടിത്തുടങ്ങിയതോടെ ശ്രദ്ധ അതിലായി'-അദ്ദേഹം പറഞ്ഞു.

മൂന്നാം പ്രതി അനുപമ പദ്മൻ സാമൂഹിക മാധ്യമങ്ങളിൽ സജീവമായിരുന്ന യൂട്യൂബർ. അഞ്ചുലക്ഷത്തിലേറെ വരിക്കാരുള്ള ചാനലുംപ്പെടെ മൂന്ന് യുട്യൂബ് ചാനലുകളും 15,000-ലേറെപ്പേർ പിന്തുടരുന്ന വെരിഫൈഡ് ഇൻസ്റ്റഗ്രാം അക്കൗണ്ടും നിരന്തരം വിവരങ്ങളും കൂട്ടിച്ചേർത്തിരുന്ന വെബ്സൈറ്റ്, എക്സ്, പാട്രിയോൺ തുടങ്ങിയ അക്കൗണ്ടുകളും അനുപമയ്ക്കുണ്ടായിരുന്നു.

4,98,000 സബ്സ്ക്രൈബർമാരാണ് ഇവർ പിടിയിലാകുന്ന വെള്ളിയാഴ്ച രാത്രിവരെ ചാനലിനുണ്ടായിരുന്നത്. പിടിയിലായ വാർത്തയോടൊപ്പം സാമൂഹിക മാധ്യമങ്ങളിൽ ഇവരുടെ പ്രൊഫൈൽ ലിങ്കുകളും ഷെയർ ചെയ്യപ്പെട്ടതോടെ ഒറ്റദിവസംകൊണ്ട് 10,000 സബ്സ്ക്രൈബർമാർ കൂടി.

അന്താരാഷ്ട്ര മോഡലുകൾം, ഹോളിവുഡ് സെലിബ്രിറ്റിമാർ, പോപ്പ് ഗായകർ തുടങ്ങിയവരുടെ വീഡിയോകളുടെയും പോസ്റ്റുകളുടെയും അവരെപ്പറ്റിയുള്ള വാർത്തകളുടെയും പ്രതികരണ വീഡിയോകളാണ് അനുപമ ചെയ്തിരുന്നത്. ഏഴുകോടിയിലേറെപ്പേർവരെ കണ്ട ഷോർട്സുകൾം കൂട്ടത്തിലുണ്ട്. പൂർണമായും ഇം